# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2318

### 05-11-2019 ൽ മറുപടിക്ക്

### കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ പ്രോജക്ടുകൾ അപ്രൈസ് ചെയ്യുന്നതിന് ടെറനസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | കിഫ്ബിയുടെ പ്രോജക്ടുകൾ അപ്രൈസ് ചെയ്യുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി) നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അപ്രൈസലിന്റെ പ്രാഥമിക ജോലികൾ ചെയ്യുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിലെ വിദഗ്ധരെ സഹായിക്കുന്നതിനായി ടെറനസ് എന്ന കൺസൾട്ടൻസിയെ ടെൻഡർ നടപടികളിലൂടെ സി.എം.ഡി തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) ടെറനസ് എന്ന കൺസൾട്ടൻസിക്ക് ഈ രംഗത്തുള്ള പരിചയസമ്പത്ത് വിശദമാക്കുമോ; എന്നാണ് പ്രസ്തുത കമ്പനി നിലവിൽ വന്നത്; | ടെൻഡർ പ്രകാരം പ്രസ്തുത കമ്പനിയുടെ പദ്ധതികളുടെ അപ്രൈസൽ രംഗത്തെ പ്രവർത്തന പരിചയവും ടെൻഡറിൽ പറഞ്ഞ മറ്റു മാനദണ്ഡങ്ങളും, വിദഗ്ധരുടെ പ്രാഗത്ഭ്യവും കണക്കാക്കിയാണ് ടെറനസിനെ തിരഞ്ഞെടുത്തതെന്ന് സി.എം.ഡി വ്യക്തമാക്കിയിട്ടുണ്ട്. ടെൻഡറിൽ നൽകിയ വിവരങ്ങൾ പ്രകാരം 2015 ലാണ് പ്രസ്തുത കമ്പനി നിലവിൽ വന്നത്. |
| (സി) കിഫ്ബിയുടെ എത്ര പ്രോജക്ടുകൾ ഇതിനകം ടെറനസ് എന്ന കൺസൾട്ടൻസി അപ്രൈസൽ ചെയ്ത് നൽകി: | കിഫ്ബിയിലെ അപ്രൈസൽ വിഭാഗത്തിനു പുറമെ, പ്രോജക്ടുകൾ അപ്രൈസൽ ചെയ്യുന്നതിന് സി.എം.ഡി യെയാണ് കിഫ്ബി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതുവരെ 570 |

| | |
|---|---|
| | പ്രോജക്ടുകളുടെ പ്രാഥമിക അപ്രൈസൽ ചെയ്യുന്നതിനായാണ് ടെറനസ്. സി.എം.ഡി യിലെ വിദഗ്ധരെ സഹായിച്ചിട്ടുള്ളത്. |
| (ഡി) ടെറനസ്സിന് നാളിതുവരെ എത്ര തുക അപ്രൈസൽ ചെയ്ത വകയിൽ നൽകിയെന്ന് വിശദമാക്കാമോ; | കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ പ്രവർത്തികൾക്ക് സി.എം.ഡി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ടെറനസ് എന്ന സ്ഥാപനത്തിന് നാളിതുവരെ ജി.എസ്.ടി ഉൾപ്പെടാതെ 9.1 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ഇ) കിഫ്ബിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ മുമ്പ് ടെറനസ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ഇത് സംബന്ധിച്ച വിശദാംശം കിഫ്ബിയിൽ ലഭ്യമല്ല |

**സെക്ഷൻ ഓഫീസർ**